# Desabhimani

## 17 July 2018

## Kochi, Heavy Rain, Holiday for Schools



### സ്കൂളുകൾക്ക് ഇന്നും അവധി

**കൊച്ചി**

കനത്ത മഴയെത്തുടർന്ന് ചൊവ്വാഴ്ച ജില്ലയിലെ പ്ലസ്ടുവരെയുള്ള എല്ലാ സ്കൂളുകൾക്കും കലക്ടർ അവധി പ്രഖ്യാപിച്ചു. നേഴ്സറി ക്ലാസുകൾ, അങ്കണവാടികൾ, സ്റ്റേറ്റ് സിലബസ്, സിബിഎസ്ഇ, ഐസിഎസ്ഇ, ഐഎസ്ഇ സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവയ്ക്കെല്ലാം അവധി ബാധകമാണ്. കോളേജുകൾക്കും പ്രൊഫഷണൽ കോളേജുകൾക്കും അവധിയില്ല.

സ്കൂളുകളുടെ പകരം പ്രവൃത്തിദിനം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിക്കും. കോളേജുകളിൽ പകരം പ്രവൃത്തിദിനം സംബന്ധിച്ച് മാനേജ്മെന്റുകൾക്ക് തീരുമാനമെടുക്കാനും കലക്ടർ അനുമതി നൽകി. അങ്കണവാടികളിലെ ജീവനക്കാർക്കും അവധിയാകും.